**മഹാത്മാഗാന്ധി സർവ്വകലാശാല**

(സംഗ്രഹം)

30.05.2018 രാവിലെ 11 മണിക്ക് ,ബഹു .വൈസ് ചാൻസലറുടെ മിനി കോൺഫറൻസ് ഹാളിൽ ചേർന്ന സർവ്വകലാശാല ബജറ്റ് 2018 –19, മോണിറ്ററിങ് & ഇംപ്ലിമെന്റേഷൻ സമിതി യോഗത്തിന്റെ നടപടിക്കുറിപ്പുകൾ – അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ആസൂത്രണവും വികസനവും III – സെക്ഷൻ**

**നം. 5133/പി** &ഡി–3 /1/451/2018/**ഭ.വി** **തീയതി, പി.ഡി ഹിൽസ്, 27.06.18**

---

**പരാമർശം. 1)** 30.05.2018 രാവിലെ 11 മണിക്ക്, ബഹു . വൈസ് ചാൻസലറുടെ മിനി കോൺഫറൻസ് ഹാളിൽ ചേർന്ന സർവ്വകലാശാല ബജറ്റ് 2018 –19 , മോണിറ്ററിങ് & ഇംപ്ലിമെന്റേഷൻ സമിതി യോഗത്തിന്റെ നടപടിക്കുറിപ്പുകൾ.

## ഉത്തരവ്

പരാമർശം (1) പ്രകാരം സർവ്വകലാശാല ബജറ്റ് 2018 –19 , മോണിറ്ററിങ് &ഇംപ്ലിമെന്റേഷൻ സമിതി യോഗം ബഹു. വൈസ് ചാൻസലറുടെ അധ്യക്ഷതയിൽ, 30.05.2018 രാവിലെ 11 മണിക്ക് ചേരുകയുണ്ടായി പ്രസ്തുത യോഗത്തിൽ താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു .

### വിദ്യാർത്ഥികൾക്കായുള്ള പ്രത്യേക പദ്ധതികൾ

1. ഗവേഷണ ഫെല്ലോഷിപ്പുകളുടെ എണ്ണവും തുകയും വർദ്ധിപ്പിക്കുക:

    തുടർനടപടികൾ സ്വീകരിക്കുന്നതിന് AC–AVI സെക്ഷനെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു. ഇതുസംബന്ധിച്ച പ്രൊപ്പോസൽ AC–AVI സെക്ഷൻ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്.

    നടപടി : AC–AVI സെക്ഷൻ

2. സർവ്വകലാശാലയിൽ നിന്നുമുള്ള സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുക:

    ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തൃപ്തികരമായി നടന്നു വരുന്നതായും സർവ്വകലാശാലയിൽനിന്നും വിദ്യാർത്ഥികൾക്ക് ലഭ്യമാക്കേണ്ട 80% സേവനങ്ങളും ഓൺലൈൻ ആയി നൽകുവാൻ കഴിയും എന്നും കൂടാതെ ജീവനക്കാരുടെയും അധ്യാപകരുടെയും സേവനവിവരങ്ങൾ ഉൾപ്പെടുത്തിയ എംപ്ലോയീസ് പോർട്ടലും 2018 ജൂൺ 15 ന് മുൻപ് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്നും ബന്ധപ്പെട്ട വിഭാഗം റിപ്പോർട്ട് ചെയ്തത് യോഗം അംഗീകരിച്ചു .

3. സർവ്വകലാശാലയെപ്പറ്റിയുള്ള സമ്പൂർണ്ണ വിവരങ്ങളടങ്ങിയ കൈപ്പുസ്തകം തയ്യാറാക്കുക.:

    സർവ്വകലാശാലയെ പറ്റിയുള്ള വിവരങ്ങൾ അടങ്ങിയ സമ്പൂർണ്ണ കൈപ്പുസ്തകം തയാറായിട്ടുണ്ടെന്നും വിദ്യാർത്ഥി പ്രവേശന സമയത്ത് ലഭ്യമാക്കുവാൻ കഴിയും എന്നും ബന്ധപ്പെട്ട വിഭാഗം അറിയിച്ചത് യോഗം അംഗീകരിച്ചു .

4. സ്റ്റുഡൻറ്സ് അമിനിറ്റി സെൻറർ:

    സ്റ്റുഡന്റ് അമിനിറ്റി സെന്റർ നിർമ്മാണം കേന്ദ്രസർക്കാർ അക്രഡിറ്റഡ് ഏജൻസിയായ M/s KEL Ltd, Kochi എന്ന സ്ഥാപനത്തിന് നൽകുവാൻ തീരുമാനിച്ചു എന്നും അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി സർവകലാശാല എൻജിനീയർ റിപ്പോർട്ട് ചെയ്തു ഇതുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ സ്വീകരിക്കുന്നതിന് സർവ്വകലാശാല എൻജിനീയറെ ചുമതലപ്പെടുത്തി.

    നടപടി: സർവ്വകലാശാലാ എൻജിനീയർ , പി & ഡി III സെക്ഷൻ

5. പ്ലേസ്മെൻറ് സെൽ രൂപീകരിക്കുക:

നിലവിലുള്ള ട്രെയിനിങ് ആൻഡ് പ്ലേസ്മെന്റ് സെല്ലിന്റെ പ്രവർത്തനം കൂടുതൽ വിദ്യാർത്ഥികൾക്ക് പ്രയോജനമാകും വിധം വിപുലീകരിക്കേണ്ടതാണെന്ന് യോഗം തീരുമാനിച്ചു. ഇതിനായി സർവകലാശാലയിലെ എല്ലാ വകുപ്പുകളെയും ഉൾപ്പെടുത്തിക്കൊണ്ട് ഒരു കോർഡിനേഷൻ മീറ്റിംഗ് നടത്തി തുടർ നടപടികൾ സ്വീകരിക്കുന്നതിന് ശ്രീ.ജോണി ജോൺസൺ, അസോസിയേറ്റ് പ്രൊഫസർ, SMBS നേ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു.

നടപടി: ശ്രീ ജോണി ജോൺസൺ അസോസിയേറ്റ് പ്രൊഫ. SMBS , പി& ഡി II സെക്ഷൻ

6. പരാതി പരിഹാരത്തിനായി സ്ഥിരം സംവിധാനം:

ആദ്യ പരാതിപരിഹാര അദാലത്ത് ഇടുക്കി ജില്ലയ്ക്കായി ഗവൺമെന്റ് കോളേജ് കട്ടപ്പനയിൽ വച്ച് 2018 ആഗസ്റ്റ് മാസം നടത്തുന്നതിനായി തീരുമാനിച്ചു ഇതുമായി ബന്ധപ്പെട്ട തുടർ നടപടികൾ സ്വീകരിക്കുന്നതിന് സർവകലാശാല രജിസ്ട്രാറെ ചുമതലപ്പെടുത്തി. അദാലത്തുമായി ബന്ധപ്പെട്ട് ആവശ്യമായ സോഫ്റ്റ് വെയർ ജൂൺ മാസത്തിൽ തന്നെ തയ്യാറാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുവാൻ ഐ ടി ഏകോപന അധികാരിയെയും സിസ്റ്റം മാനേജറിനെയും(I/C) ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു.

നടപടി : ഡപ്യൂട്ടി രജിസ്ട്രാർ VIII , എക്സാം മോണിറ്ററിങ് സെൽ

7. വിദേശ വിദ്യാർത്ഥികൾക്കായുള്ള ഹോസ്റ്റൽ:

വിദേശ വിദ്യാർത്ഥികളുടെ പ്രവേശനവുമായി ബന്ധപ്പെട്ട് ഓരോ വകുപ്പിലും ലഭ്യമായ സീറ്റുകൾ ,പ്രവേശന യോഗ്യത , ഫീസ് ഘടന ,അപേക്ഷിക്കേണ്ട വിധം തുടങ്ങിയ കാര്യങ്ങൾ അതാത് ഡിപ്പാർട്ടമെന്റ് വെബ് സൈറ്റുകളിൽ ലഭ്യമാക്കേണ്ടതാണെന്ന് യോഗം തീരുമാനിച്ചു .ഇതുമായി ബന്ധപ്പെട്ട് വിശദമായ പ്രൊപ്പോസൽ അടിയന്തിരമായി സമർപ്പിക്കുന്നതിന് ശ്രീ .സജിമോൻ എബ്രഹാം , Director ,University centre for International Co-operation നെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു . വിദേശ വിദ്യാർഥികൾക്കായുള്ള ഹോസ്റ്റലിന്റെ പ്രാഥമിക രൂപരേഖ എസ്റ്റിമേറ്റ് എന്നിവ ജൂൺ മാസത്തിൽ തന്നെ സമർപ്പിക്കുന്നതിന് സർവകലാശാല എൻജിനീയറേ ചുമതലപ്പെടുത്തി.

നടപടി :ശ്രീ സജിമോൻ എബ്രഹാം , ഡയറക്ടർ UCIC , സർവ്വകലാസഹാല എൻജിനീയർ പി & ഡി I സെക്ഷൻ

8. വിദ്യാർത്ഥി സംരംഭകർക്കും സ്റ്റാർട്ട് അപ്പുകൾക്കും സാങ്കേതിക വിദ്യ കൈമാറ്റം ചെയ്യുന്നതിനും പേറ്റൻറ് നേടിയെടുക്കുന്നതിനും ധനസഹായം:

ഇതുമായി ബന്ധപ്പെട്ട റിപ്പോർട്ട് സമർപ്പിക്കുന്നതിനും തുടർ പ്രവർത്തനങ്ങൾക്കും ഡോ. ഗിരീഷ് കുമാർ Hon.ഡയറക്ടർ, ബി. ഐ. ഐ. സി ചുമതലപ്പെടുത്തി.

നടപടി : ഡോ. ഗിരീഷ് കുമാർ , Hon.ഡയറക്ടർ, ബി. ഐ. ഐ. സി, പി & ഡി II സെക്ഷൻ

9. സൗജന്യ വൈ ഫൈ:

ക്യാമ്പസ് വൈഫൈ സംവിധാനം നടപ്പിലാക്കി വരുന്നതായും ജൂൺമാസത്തിൽ പ്രവർത്തനമാരംഭിക്കുമെന്നും ബന്ധപ്പെട്ട വിഭാഗം അറിയിച്ചത് യോഗം അംഗീകരിച്ചു:

10. ഗവേഷണ/അക്കാദമിക രംഗത്തെ മികവിനുള്ള പുരസ്കാരങ്ങൾ:

ഇതിനായുള്ള മാനദണ്ഡങ്ങൾ രൂപീകരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിന് ഡോ. എ.എം. തോമസ് ഡയറക്ടർ IQAC ,ഡോക്ടർ റോബിനറ്റ് ജോസഫ് ഡയറക്ടർ എസ് ടി എസ് ,ഡോ.ഹരികുമാർ, അസിസ്റ്റൻറ് പ്രൊഫസർ ,സ്കൂൾ ഓഫ് ലെറ്റേഴ്സ് എന്നിവരടങ്ങിയ സമിതിയെ ചുമതലപ്പെടുത്തി. പുരസ്കാരങ്ങൾ സെപ്റ്റംബർ 2018 നുള്ളിൽ വിതരണം ചെയ്യത്തക്കവിധം നടപടികൾ സ്വീകരിക്കേണ്ടതാണ്.

നടപടി : IQAC സെക്ഷൻ

## സ്പോർട്സ് മീറ്റുകൾ/യുവജനോത്സവങ്ങൾ

1. സർവ്വകലാശാലാ സ്റ്റേഡിയം നവീകരണം:

പദ്ധതി സർക്കാരിന്റെ പരിഗണനയിലാണെന്ന് ബഹു വൈസ് ചാൻസലർ യോഗത്തിൽ അറിയിച്ചു.

2. സ്പോർട്സ് സ്കോളർഷിപ്പ്:

2017-18 ലെ സ്പോർട്സ് സ്കോളർഷിപ്പുകൾ സമയബന്ധിതമായി നൽകുന്നതിനായി വേണ്ട നടപടികൾ സ്വീകരിക്കുവാൻ ഡയറക്ടർ SPESS നെ ചുമതലപ്പെടുത്തി.

നടപടി : ഡയറക്ടർ SPESS

## പരീക്ഷാ സംവിധാനം മെച്ചപ്പെടുത്താനുള്ള പദ്ധതികൾ

1. പരീക്ഷാ വിഭാഗം ആധുനികവത്കരിക്കുക:

പരീക്ഷാ വിഭാഗം ആധുനികവൽക്കരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി കഴിഞ്ഞതായി ബന്ധപ്പെട്ട വിഭാഗം അറിയിച്ചത് യോഗം അംഗീകരിച്ചു.

2. പരീക്ഷാ വിഭാഗത്തിലെ അടിസ്ഥാന സൗകര്യ വികസനം:

ഇതുമായി ബന്ധപ്പെട്ട തുടർപ്രവർത്തനങ്ങൾക്ക് സർവ്വകലാശാല എൻജിനീയറെ ചുമതലപ്പെടുത്തി
നടപടി: സർവ്വകലാശാലാ എൻജിനീയർ , പി & ഡി I സെക്ഷൻ

3. പരീക്ഷാ മാനുവൽ കാലോചിതമായി പരിഷ്കരിക്കുക:

സിൻഡിക്കേറ്റ് പരീക്ഷാ സബ്കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതിന് തീരുമാനിച്ചു.
നടപടി: EA II സെക്ഷൻ (പരീക്ഷ)

4. ഇൻഫർമേഷൻ കിയോസ്കുകൾ:

പരീക്ഷാഭവൻ ഇൻഫർമേഷൻ സെൻറർ എന്നിവിടങ്ങളിൽ ഇൻഫർമേഷൻ കിയോസ്കുകൾ നടപ്പാക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് സിസ്റ്റം മാനേജറിനെ(I/C) ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു.

നടപടി : സിസ്റ്റം മാനേജർ (I/C) , പി & ഡി I സെക്ഷൻ

## <u>പുതിയ ഡിപ്പാർട്ട്മെന്റുകൾ/പ്രോഗ്രാമുകൾ, പഠന വകുപ്പുകൾക്കുള്ള പ്രത്യേക പദ്ധതികൾ</u>

1. മാസ്റ്റർ ഓഫ് ട്രാൻസ്പോർട്ട് ആൻഡ് ലോജിസ്റ്റിക്സ്:

ഇതുമായി ബന്ധപ്പെട്ട വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഡയറക്ടർ എസ് ടി എസിനെ ചുമതലപ്പെടുത്തി

നടപടി : ഡയറക്ടർ STS, പി & ഡി I സെക്ഷൻ

2. ടൂറിസം ബിസിനസ്സ് ഇൻക്യുബേഷൻ, അക്രഡിറ്റേഷൻ ആൻഡ് കൺസൾട്ടൻസി സെൽ:

ഇതുമായി ബന്ധപ്പെട്ട വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഡയറക്ടർ എസ് ടി എസിനെ ചുമതലപ്പെടുത്തി.

നടപടി : ഡയറക്ടർ STS, പി & ഡി I സെക്ഷൻ

3. സ്കൂൾ ഓഫ് നാനോ സയൻസ് ആൻഡ് നാനൊ ടെക്നോളജിക്കു പുതിയ കെട്ടിടം:
അടുത്ത സാമ്പത്തിക വർഷത്തിലേക്ക് നടപ്പാക്കുന്നതിനായി മാറ്റിവെക്കുവാൻ തീരുമാനിച്ചു.

4. ബിരുദ ബിരുദാനന്തര കോഴ്സുകൾക്കൊപ്പം സർട്ടിഫിക്കറ്റ് ഡിപ്ലോമ കോഴ്സുകൾ:

ഇതുമായി ബന്ധപ്പെട്ട് തുടർനടപടികൾക്ക് ഡയറക്ടർ ഇൻചാർജ് ഓഫ് ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട്ട് ടേം പ്രോഗ്രാം ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു.

നടപടി : ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട്ട് ടേം പ്രോഗ്രാം

5. ജലസംരക്ഷണത്തിന് പ്രത്യേക പരിഗണന:

2017–18 വർഷത്തിൽ സ്വീകരിച്ച ജലസംഭരണ പ്രവർത്തനങ്ങളിലൂടെ ക്യാംപസിനുള്ളിൽ ജല സുരക്ഷിതത്വം ഉറപ്പാക്കാൻ കഴിഞ്ഞതായി സർവകലാശാല എൻജിനീയർ റിപ്പോർട്ട് ചെയ്തത് യോഗം അംഗീകരിച്ചു. സർവകലാശാല ക്യാമ്പസിലെ പഠന വകുപ്പുകളിലും , SILT , സോഷ്യൽ സയൻസസ് എന്നീ വകുപ്പുകളിലും മഴവെള്ള സംഭരണികൾ സ്ഥാപിക്കുന്നതിന് സാധ്യതകളെ കുറിച്ച് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർവകലാശാല എഞ്ചിനീയറെ ചുമതലപ്പെടുത്തി.

നടപടി: സർവ്വകലാശാലാ എൻജിനീയർ , പി & ഡി I സെക്ഷൻ

6. സർവ്വകലാശാലയിലെ ശാസ്ത്ര പഠന വകുപ്പുകളിൽ ആധുനിക പരീക്ഷണോപകരണങ്ങൾ:

സർവകലാശാലയിലെ ശാസ്ത്ര പഠന വകുപ്പുകളിൽ ആധുനിക പരീക്ഷണോപകരണങ്ങൾ കിഫ്ബി പ്രോജക്റ്റിൽ ഉൾപ്പെടുത്തി സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചതായി ബഹു .വൈസ് ചാൻസലർ അറിയിച്ചു .

7. ശാസ്ത്രേതര പഠന വകുപ്പുകളുടെ വികസനത്തിനായി പ്രത്യേക പദ്ധതി:

അടുത്ത സാമ്പത്തിക വർഷത്തിലേക്ക് സമർപ്പിക്കുന്നതിനായി മാറ്റിവെക്കുവാൻ തീരുമാനിച്ചു

**8.** ഫാബ് ലാബ് സ്ഥാപിക്കുക.

സംസ്ഥാന ഐ ടി വകുപ്പുമായി ചേർന്ന് നടപ്പാക്കുന്ന പദ്ധതിയുടെ പ്രവർത്തനങ്ങൾ നടന്നു വരുന്നതായി ബഹു .വൈസ് ചാൻസലർ അറിയിച്ചു.

**9.** ഇൻറർനാഷണൽ അക്കാഡമിയ കോംപ്ലക്സ്:

ചാൻസലേഴ്സ് അവാർഡ് തുകയായി അഞ്ച് കോടി രൂപ വിനിയോഗിച്ച് പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി തീരുമാനിച്ചു പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിന് സർവ്വകലാശാല എൻജിനീയറെ ചുമതലപ്പെടുത്തി .

നടപടി: സർവ്വകലാശാലാ എൻജിനീയർ , പി & ഡി I സെക്ഷൻ

**10.** ഹരിത കേരള മിഷൻെറ ഭാഗമായി ജൈവ കൃഷിക്കുതകുന്ന സൂക്ഷ്മാണുക്കളെ കണ്ടെത്തൽ:

ഇതുമായി ബന്ധപ്പെട്ട പ്രൊപോസൽ സമർപ്പിക്കുന്നതിന് HOD, SCHOOL OF BIOSCIENCES നെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു
നടപടി: HOD. SBS , പി & ഡി II സെക്ഷൻ

**11.** വ്യാവസായിക മാലിന്യങ്ങളെപ്പറ്റിയും അവയുടെ ഫലപ്രദമായ സംസ്കരണത്തെയും സംബന്ധിച്ച പഠനങ്ങൾക്കുമായി കേന്ദ്രം:
ഇതുമായി ബന്ധപ്പെട്ട റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഡയറക്ടർ, സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു.
നടപടി: ഡയറക്ടർ SCS, പി & ഡി I സെക്ഷൻ

**12.** കെ എൻ രാജ് സെൻറർ ഫോർ പ്ലാനിംഗ് ആൻഡ് സെൻറർ സ്റ്റേറ്റ് റിലേഷൻസിനെ സാമ്പത്തിക ശാസ്ത്ര പഠന വകുപ്പാക്കി മാറ്റുക:
ഇതുമായി ബന്ധപ്പെട്ട പ്രൊപോസൽ സർക്കാരിൽ സമർപ്പിക്കുന്നതിന് സർവ്വകലാശാല രജിസ്ട്രാറെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു
നടപടി: പി & ഡി I സെക്ഷൻ

**13.** ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻറൻസീവ് റിസർച്ച് ഇൻ ബേസിക് സയൻസസ്സിനെ അടിസ്ഥാന ശാസ്ത്ര പഠന വകുപ്പാക്കി മാറ്റുക.
ഇതുമായി ബന്ധപ്പെട്ട പ്രൊപോസൽ സർക്കാരിൽ സമർപ്പിക്കുന്നതിന് സർവ്വകലാശാല രജിസ്ട്രാറെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു

നടപടി: പി & ഡി I സെക്ഷൻ

**14.** സുസ്ഥിര വികസനത്തിനായി രസതന്ത്രത്തിൽ അടിസ്ഥാനപരവും പ്രായോഗികവുമായ ഗവേഷണം:
പ്രസ്തുത പദ്ധതിയുമായി പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് ഡയറക്ടർ സ്കൂൾ ഓഫ് കെമിക്കൽ സയൻസസിനെ ചുമതലപ്പെടുത്തി.

നടപടി: ഡയറക്ടർ , SCS , പി & ഡി II സെക്ഷൻ

**15.** ബിഹേവിയറൽ സയൻസ് വകുപ്പ് വിദേശ സർവ്വകലാശാലകളും ഗവേഷണ സ്ഥാപനങ്ങളുമായി സഹകരണത്തിലേർപ്പെടും:
ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നതിന് ഡയറക്ടർ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിനെ ചുമതലപ്പെടുത്തി.

നടപടി: ഡയറക്ടർ , SOBS , പി & ഡി II സെക്ഷൻ

## <u>പുതിയ സെൻററുകൾ</u>

**1.** കാർഷിക മ്യൂസിയം:

പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് IUCOFSA ഡയറക്ടറെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു , ഇതിനോടനുബന്ധമായി കർഷകർക്ക് ആവശ്യമായ വിവരങ്ങൾ അടങ്ങിയ ഒരു ഡാറ്റ സെന്റർസ്ഥാപിക്കണമെന്നത് കൂടി പരിഗണിക്കണമെന്ന ഡയറക്ടർ SPAP യുടെ നിർദ്ദേശം യോഗം പരിഗണിക്കുകയും അതിനായുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഡയറക്ടർ SPAP യെ ചുമതലപ്പെടുത്തുകയും ചെയ്തു.

നടപടി: ഡയറക്ടർ IUCOFSA , ഡയറക്ടർ SPAP, ജൈവം സെൽ

2. പേറ്റൻറ് ഫസിലിറ്റേഷൻ കേന്ദ്രം:

ഇതുമായി ബന്ധപ്പെട്ട പ്രൊപോസൽ സമർപ്പിക്കുന്നതിന് ഡയറക്ടർ BIIC യെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു.

നടപടി: ഡയറക്ടർ BIIC , പി & ഡി I I സെക്ഷൻ

3. ഗ്ലോബൽ ഇൻസിറ്റ്യൂ ക്ലാസ്സ് മുറികൾ:

നിലവിൽ 14 പഠന വകുപ്പുകളിലായി പൂർത്തിയായിവരുന്ന സ്മാർട് ക്ലാസ്സ് റൂമുകൾ ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്ത തരത്തിലുള്ള ഇൻ്ററാക്ടിംഗ് ക്ലാസ്സ് റൂമുകൾ ആണെന്ന് ബഹു വൈസ് ചാൻസലർ അറിയിച്ചു.

## <u>മറ്റ് പ്രധാന പദ്ധതികൾ</u>

1. ക്യാൻറീൻ നവീകരണം:

പ്രസ്തുത പദ്ധതിയുമായി പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് സർവ്വകലാശാല എൻജിനീയറെ ചുമതലപ്പെടുത്തി .

നടപടി: സർവ്വകലാശാലാ എൻജിനീയർ , പി & ഡി I സെക്ഷൻ

2. ക്യാമ്പസ്സിൽ കുടി വെള്ളം ലഭ്യമാക്കുക:

പ്രസ്തുത പദ്ധതിയുമായി പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് സർവ്വകലാശാല എൻജിനീയറെ ചുമതലപ്പെടുത്തി.

നടപടി: സർവ്വകലാശാലാ എൻജിനീയർ , പി & ഡി I സെക്ഷൻ

3. വൈദ്യുതി ദുരുപയോഗം കുറയ്ക്കുക:

നിലവിലുള്ള ട്യൂബ് ലൈറ്റുകൾക്ക് പകരം LED ബൾബുകൾ ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് സർവ്വകലാശാല എൻജിനീയറെ ചുമതലപ്പെടുത്തി . പുതുതായി എയർ കണ്ടീഷണറുകൾ ആവശ്യകതയുടെ അടിസ്ഥാനത്തിൽ അംഗീകാരം തേടിയതിനു ശേഷം മാത്രമേ സ്ഥാപിക്കുവാൻ പാടുള്ളൂ എന്ന് സർവകലാശാല എഞ്ചിനീയർക്ക് നിർദ്ദേശം നൽകി .

4. ബയോഗ്യാസ് പ്ലാൻറ്:

ബയോ ഗ്യാസ് പ്ളാൻറ് സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ എസ്റ്റേറ്റ് ഓഫീസറെ ചുമതലപ്പെടുത്തി.
നടപടി: എസ്റ്റേറ്റ് ഓഫീസർ, പി & ഡി I സെക്ഷൻ

5. പരിസ്ഥിതി സൗഹൃദ മാലിന്യ നിർമ്മാർജ്ജന സംവിധാനം:

ഇതിനായി നിലവിൽ സിൻഡിക്കേറ്റിന്റെ പരിഗണനയിലുളള നിർദേശം പരിശോധിക്കുവാൻ പി & ഡി കമ്മിറ്റിയോട് അഭ്യർത്ഥിക്കുവാൻ തീരുമാനിച്ചു.

6. ജൈവ കാർഷിക സംസ്കൃതിയുടെ പ്രചാരണത്തിനായി ചലച്ചിത്ര നിർമ്മാണം:

പ്രവർത്തനങ്ങൾ നടന്നുവരുന്നതായി ബന്ധപ്പെട്ട വിഭാഗം റിപ്പോർട്ട് ചെയ്തത് യോഗം അംഗീകരിച്ചു . പദ്ധതിക്ക് വേണ്ട ഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ച് ഫിനാൻസ് ഓഫീസർ ചുമതലപ്പെടുത്തുവാനും തീരുമാനിച്ചു.

7. സർവകലാശാലയ്ക്ക് കീഴിലുള്ള മികച്ച കോളേജിനു പുരസ്കാരം :

വിശദമായ പ്രൊപോസൽ, ഗൈഡ് ലൈൻസ് സഹിതം ജൂൺ 30ന് മുമ്പ് സമർപ്പിക്കുന്നതിന് ഐ ക്യൂ എ സിയെ ചുമതലപ്പെടുത്തി.
നടപടി: IQAC

8. അന്തർ സർവകലാശാല കേന്ദ്രങ്ങൾക്കും അന്തർ സ്കൂൾ കേന്ദ്രങ്ങൾക്കും പെർഫോമൻസ് ഓഡിറ്റ് ഏർപ്പെടുത്തും:.

ഇതിനായുള്ള ഓഡിറ്റ് ടീം രൂപീകരിക്കുമെന്ന് ബഹു വൈസ് ചാൻസലർ അറിയിച്ചു

9. ഫയലുകളുടെ തീർപ്പാക്കൽ വേഗത്തിലാക്കും:

പരമാവധി തട്ടുകൾ ഒഴിവാക്കി ഫയൽ നീക്കം വേഗത്തിലാക്കുന്നത് സംബന്ധിച്ച വിശദമായ പ്രൊപോസൽ സമർപ്പിക്കുന്നതിനായി സർവ്വകലാശാല രജിസ്ട്രാറെ ചുമതലപ്പെടുത്തി

10. കമ്മ്യൂണിറ്റി റേഡിയോ സ്ഥാപിക്കും: .

ഇതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് ബഹു വൈസ് ചാൻസലർ അറിയിച്ചു.

11. ക്യാമ്പസ്സിലെ പ്ലാസ്റ്റിക് മാലിന്യത്തിൻെറ പുനരുൽപാദനം:

പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് ഡയറക്ടർ, സ്കൂൾ ഓഫ് കെമിക്കൽ സയൻസസിനേ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.
നടപടി: പി & ഡി I സെക്ഷൻ

**12.** ചെയറുകൾ പുനരുജ്ജീവിപ്പിക്കും:.

ഇതുമായി ബന്ധപ്പെട്ട് പഠനം നടത്തുന്നതിന് സിൻഡിക്കേറ്റിന്റെ അക്കാദമിക് സ്റ്റാൻഡിങ് കമ്മിറ്റിയോട് അഭ്യർത്ഥിക്കുവാൻ തീരുമാനിച്ചു.

നടപടി: പി & ഡി III സെക്ഷൻ

**13.** വനിതാ ജീവനക്കാർക്കായി വിശ്രമ മുറികൾ:

ഇതിനായുള്ള അനുയോജ്യമായ സ്ഥലം കണ്ടെത്തി പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് സർവകലാശാലാ രജിസ്ട്രാർ, സർവകലാശാല എൻജിനീയറേ ചുമതലപ്പെടുത്തി.

നടപടി: പി & ഡി I സെക്ഷൻ

**14.** ജൈവ കൃഷി ബോധവത്കരണ പരിശീലന ക്ലാസ്സുകൾ:

ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് റിപ്പോർട്ട് തയ്യാറാക്കി നടപടി സ്വീകരിക്കുന്നതിന് ഡോ.സന്തോഷ് തമ്പി അസ്സോസിയേറ്റ് പ്രൊഫസർ SMBS , HOD, DLLE എന്നിവരെ ചുമതലപ്പെടുത്തി.

നടപടി : ജൈവം സെൽ

**15.** പരിസ്ഥിതി ശാസ്ത്ര പഠന വകുപ്പിനു കീഴിൽ ദുരന്ത നിവാരണ പഠന കേന്ദ്രം:

ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഡയറക്ടർ SESനെ ചുമതലപ്പെടുത്തി.

നടപടി: പി & ഡി I സെക്ഷൻ

**16.** ഫിനിഷിംഗ് സ്കൂൾ സ്ഥാപിക്കുക:

ഇതുമായി ബന്ധപ്പെട്ട് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഡോ.ജോണി ജോൺസൺ അസോസിയേറ്റ് പ്രൊഫസർ എസ് എം ബി എസിനെ ചുമതലപ്പെടുത്തി.

നടപടി: പി & ഡി I സെക്ഷൻ

**17.** ആർട്ടിഫിഷ്യൽ ഇൻറലിജൻസ്, റോബോട്ടിക്സ് മുതലായ പഠന ശാഖകൾ അവതരിപ്പിക്കും:

ഇതിനായി തുടർ യോഗം വിളിച്ചുചേർത്ത് തീരുമാനം കൈക്കൊള്ളുന്നതാണെന്ന് ബഹു വൈസ് ചാൻസലർ അറിയിച്ചു.

**18.** കമ്പ്യൂട്ടറധിഷ്ഠിത ഫയലിംഗ് സമ്പ്രദായം നടപ്പിലാക്കുക:

പദ്ധതി സർവ്വകലാശാലയിൽ നടപ്പിൽ വരുത്തുന്നതിന് ഇനിയും ആവശ്യമായ പ്രൊപോസൽ സമർപ്പിക്കുന്നതിന് ഐ റ്റി ഏകോപനാധികാരിയെയും സർവ്വകലാശാല എൻജിനീയറെയും ചുമതലപ്പെടുത്തി.

നടപടി: പി & ഡി III സെക്ഷൻ

**19.** ജീവനക്കാർക്കും അധ്യാപകർക്കുമായി ഇൻ സർവ്വീസ് പരിശീലനം:

അധ്യാപകരുടെ ഇൻ സർവീസ് പരിശീലനവുമായി ബന്ധപ്പെട്ട് പ്രൊപോസൽ സമർപ്പിക്കുന്നതിന് ഡോക്ടർ കെ കൃഷ്ണദാസ് സ്റ്റാൻഡിങ് കമ്മിറ്റി കൺവീനർ പ്ലാനിങ് ഡവലപ്മെൻറ് ഡോ.MH ഇല്ല്യാസ്, SGTDS എന്നിവരെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു.

നടപടി : AD B IX സെക്ഷൻ

**20.** കരിക്കുലം പരിഷ്കരണം:

ഇതുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിക്കുന്നതായും 2019– 20 അധ്യായന വർഷം പദ്ധതി നടപ്പിലാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നതായും ബന്ധപ്പെട്ട വിഭാഗം അറിയിച്ചു .

**21.** സർവ്വകലാശാലക്കായി പ്രത്യേക വൈദ്യുതി ഹോട്ട് ലൈൻ:

ഇതുമായി ബന്ധപ്പെട്ട് പ്രൊപോസൽ വൈദ്യുതി വകുപ്പിൻറെ പരിഗണനയിലാണെന്നും വകുപ്പിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് നടപ്പിലാക്കുവാൻ കഴിയുമെന്നും സർവകലാശാല എൻജിനീയർ റിപ്പോർട്ട് ചെയ്തു. പദ്ധതി അഞ്ചുമാസത്തിനുള്ളിൽ പൂർത്തീകരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് സർവകലാശാല എൻജിനീയറെ ചുമതലപ്പെടുത്തി.

**22.** ഗ്ലോബൽ അക്കാദമിക് കാർണിവൽ:

ഇതുമായി ബന്ധപ്പെട്ട് പ്രപ്പോസൽ സമർപ്പിക്കുന്നതിന് ഡോ. എസ്. അനസ്, അസോസിയേറ്റ് പ്രൊഫസർ SCS നെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു.

**23.** പ്രകൃതി–ഹരിത കേരള ജൈവ ഉച്ചകോടി (ഗ്ലോബൽ ഓർഗാനിക് മീറ്റ്):

നടപ്പിലാക്കിയതായി ബന്ധപ്പെട്ട വിഭാഗം അറിയിച്ചത് യോഗം അംഗീകരിച്ചു.

**24.** ശാസ്ത്രയാൻ പദ്ധതി നടപ്പിലാക്കും:

നടപ്പിലാക്കിയതായി ബന്ധപ്പെട്ട വിഭാഗം അറിയിച്ചത് യോഗം അംഗീകരിച്ചു.

**25.** **അന്താരാഷ്ട്ര നിലവാരമുള്ള സർട്ടിഫിക്കേഷൻ കേന്ദ്രം:**

ഇതുമായി ബന്ധപ്പെട്ട് പ്രപ്പോസൽ സമർപ്പിക്കുന്നതിന് IUCOFSA ഡയറക്ടറെ ചുമതലപ്പെടുത്തി

**26.** **അധ്യാപകർക്കും ജീവനക്കാർക്കും ക്വാട്ടേഴ്സ് നിർമ്മാണം:**

ബഹു വൈസ് ചാൻസലറുമായി ചർച്ചചെയ്ത് പ്രൊപ്പോസൽ സമർപ്പിക്കുന്നതിനായി സർവകലാശാല എൻജിനീയറെ ചുമതലപ്പെടുത്തി.

**27.** **പെൻഷൻ ഫണ്ട്:**

ഇതിനായുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി , ബൈലോ തയ്യാറാക്കി സമർപ്പിക്കുന്നതിന് ഫിനാൻസ് ഓഫീസറെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു.

യോഗം കൈക്കൊണ്ട തീരുമാനങ്ങൾ ബഹു.വൈസ് ചാൻസലർ അംഗീകരിച്ചു.
തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഒപ്പ്**
**തുളസീലാൽ ആർ.എൻ**
**ഡെപ്യൂട്ടി രജിസ്ട്രാർ (പി &ഡി)**

പകർപ്പ്:

1. വി.സി/പി.വി.സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. ഡോ കെ കൃഷ്ണദാസ്, ചെയർമാൻ,എസ് എസ് സി , പി & ഡി
3. ഡോ കെ ഷറഫുദീൻ, ചെയർമാൻ,എസ് എസ് സി , ഫിനാൻസ്
4. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പേഴ്സനൽ അസിസ്റ്റന്റുമാർ
5. സർവ്വകലാശാല എൻജിനീയർ
6. എച്. ഒ. ഡി, എസ്. ടി. എസ് , ഡി.എ. എസ്. ടി .എ.പി
7. എച്. ഒ. ഡി, എസ്.ഐ.ർ.പി
8. എച്. ഒ. ഡി, എസ് .ജി.ടി .ഡി.എസ്
9. എച്. ഒ. ഡി , എസ് ഓ ബി എസ്
10. എച്. ഒ. ഡി(I/C) , ഡി എൽ എൽ ഇ
11. എച്. ഒ. ഡി സ്കൂൾ ഓഫ് ലെറ്റേഴ്സ്
12. എച്. ഒ. ഡി, എസ് പി എസ്
13. എച്. ഒ. ഡി, എസ് ഓ സി എസ്
14. എച്. ഒ. ഡി, എസ് ബി എസ്
15. എച്. ഒ. ഡി, എസ് സി എസ്
16. എച്. ഒ. ഡി , എസ് ഇ എസ്
17. എച്. ഒ. ഡി ,എസ് ഐ എൽ ടി
18. എച്. ഒ. ഡി , എസ് പി എ പി
19. എച്. ഒ. ഡി , എസ് എം ബി എസ്
20. എച്. ഒ. ഡി, എസ് .എസ്. എസ്
21. എച്. ഒ. ഡി, S P E S S
22. ഡയറക്ടർ, എസ്. ഡി. ഇ
23. ഡയറക്ടർ, U C I C
24. ഡയറക്ടർ, I Q A C
25. Hon.ഡയറക്ടർ, I U C O F S A
26. Hon.ഡയറക്ടർ, I I R B S
27. Hon.ഡയറക്ടർ, K N R C
28. Hon.ഡയറക്ടർ, B I I C
29. ജോയിന്റ് രജിസ്ട്രാർ I
30. ഡപ്യൂട്ടി രജിസ്ട്രാർ VIII, (എക്സാം മോണിറ്ററിംഗ് സെൽ)
31. പി & ഡി-1/2/3
32. AC AVI സെക്ഷൻ
33. EA II സെക്ഷൻ
34. Ad B IX സെക്ഷൻ
35. ജൈവം സെൽ
36. ശ്രീ. അനീഷ് കുമാർ കെ.സി, വി.സി സെക്ഷൻ

37. ഫിനാൻസ് I,IV
38. **സിസ്റ്റം മാനേജർ ഇൻചാർജ്**
39. ഓഡിറ്റ് I,IV
40. അക്കൗ ്സ് V
41. ജനറൽ കാഷ്
42. **ജോയിന്റ് ഡയറക്ടർ , കെ എസ് എ ഡി**
43. സി.എം.സ്
44. റെക്കോർഡ്സ് സെക്ഷൻ
45. എസ്.എഫ്/എഫ്.സി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**ഫയൽ നം: പി ६ ഡി- 3/1/451/2018/ഭരണവിഭാഗം**